## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2976 — 07.11.2019-ൽ മറുപടിക്ക്

### മരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെ സിവിൽ എഞ്ചിനീയറിംഗ് മേഖലയിൽ കെട്ടിടം/പാലങ്ങൾ/നിരത്തുകൾ/ ദേശീയപാത/ക്വാളിറ്റി കൺട്രോൾ തുടങ്ങിയ എത്ര വിഭാഗങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | (എ) പൊതുമരാമത്ത് വകുപ്പിൽ സിവിൽ എഞ്ചിനീയറിംഗ് മേഖലയിൽ കെട്ടിടം/ പാലങ്ങൾ/നിരത്തുകൾ/ ദേശീയപാത/ ഡിസൈൻ/നിരത്ത് പരിപാലനം/ കെ.എസ്.റ്റി.പി./ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് എന്നിങ്ങനെ (8) വിഭാഗങ്ങളാണ് നിലവിലുള്ളത്. |
| (ബി) വകുപ്പിൽ ജോലി ചെയ്യുന്ന സാങ്കേതിക വിഭാഗക്കാരായ ഓവർസിയർ,അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങി ചീഫ് എഞ്ചിനീയർ വരെയുള്ള തസ്തികകളിലെ ജീവനക്കാർ മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ എവിടെയും ജോലി ചെയ്യാൻ ബാദ്ധ്യസ്ഥരാണോ എന്ന് അറിയിക്കുമോ; | (ബി) ബാദ്ധ്യസ്ഥരാണ്. |
| (സി) പ്രസ്തുത ജീവനക്കാരിൽ കുറച്ചുപേർ സ്ഥിരമായി ഒരു വിഭാഗത്തിൽ തന്നെ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഡിസൈൻ വിഭാഗത്തിൽ 3 വർഷത്തിൽ കൂടുതൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) ഇത്തരത്തിൽ തുടരുന്നതിന് കാരണ-മെന്താണെന്ന് അറിയിക്കുമോ; | (ഡി) പാലങ്ങൾ/കെട്ടിടം/ഹൈവേ എന്നിവയുടെ ഡിസൈൻജോലിക്ക് പ്രവൃത്തി പരിചയം അത്യന്താപേക്ഷിതമാണ്. ആയതിനാൽ ഡിസൈൻ വിഭാഗത്തിൽ പ്രവൃത്തി പരിചയം ഉള്ള ജീവനക്കാരെ മൂന്നു വർഷത്തിലധികം തുടരുവാൻ അനുവദി-ക്കാറുണ്ട്. |
| (ഇ) പല ഉദ്യോഗസ്ഥരും സർവ്വീസിൽ കയറി ഒട്ടേറെ വർഷങ്ങൾ പിന്നിട്ടിട്ടും ഫീൽഡിൽ ജോലി ചെയ്തിട്ടില്ലാത്തവർ ആണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഇ) ഉണ്ട്. |

| | |
|---|---|
| (എഫ്) ഇതുകാരണം ഭാവിയിൽ ഉദ്യോഗക്കയറ്റം ലഭിക്കുന്ന അവസരത്തിൽ ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എഫ്) ഉദ്യോഗക്കയറ്റം ലഭിക്കുന്ന അവസരത്തിൽ പ്രയാസങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ജി) ഇത്തരത്തിൽ സ്ഥിരമായി ഒരു വിഭാഗത്തിൽതന്നെ ജീവനക്കാർ തുടരുന്നത് ഒഴിവാക്കുന്നതിനായി ശക്തമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ജി) ഡിസൈൻ വിഭാഗം ഒഴികെയുള്ള വിഭാഗങ്ങളിൽ ജീവനക്കാർ സ്ഥിരമായി തുടരുന്നത് ഒഴിവാക്കുന്നതിനായി മൂന്നു വർഷം കൂടുമ്പോൾ സ്ഥലംമാറ്റം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ